## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2846

07.12.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഡെയറിഫാം ആധുനീകരിക്കാൻ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഡയറി ഫാം ആധുനീകരിക്കുവാൻ ധനസഹായം നൽകുന്നുണ്ട്.<br>ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും യന്ത്രവൽക്കരണത്തിനും, കറവ യന്ത്രങ്ങൾ, ചാഫ് കട്ടർ എന്നിവയും കൂടാതെ കറവപശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. |
| (ബി) കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടത്തുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിൽ നിന്നും രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരം കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷത്തിൽ 87.36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് മറ്റ് പദ്ധതികൾക്ക് ധനസഹായം നിലവിൽ ലഭിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ട്;ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (സി) സംസ്ഥാനത്ത് നിലവിൽ 3673 ക്ഷീര സഹകരണ സംഘങ്ങളുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.<br>ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>(1) ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>(2)പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണത്തിനുള്ള ധനസഹായം<br>(3)പ്രവർത്തന രഹിതമായ ക്ഷീര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം |

(4) മിൽക്ക് റൂട്ട് സബ്സിഡി
(5)ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം
(6) ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം
(7) പാൽസംഭരണമുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.
(8) ക്ഷീര സംഘങ്ങളുടെ ആട്ടോമേഷനു വേണ്ടിയുള്ള സഹായം
(9) ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണസംസ്കരണം, ചില്ലിംഗ്, പുന:നിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
(10) Automatic Milk Collection (AMC) യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം
(11) ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം
(12) കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുല്ല് / വൈക്കോൽ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സഹായം
(13) ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന പ്ലാന്റ് (ETP), സൗരോർജ്ജ ഉല്പാദന പ്ലാന്റ്, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം

(ഡി) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗുണനിയന്ത്രണ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ഗുണ നിയന്ത്രണ ഓഫീസുകൾ മുഖാന്തിരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതോടൊപ്പം വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകളും പരിശോധിക്കുന്നുണ്ട്. ഉപഭോക്താക്കൾക്കും പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ലാബുകളിൽ നിലവിലുണ്ട്.
ക്ഷീര സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് കർഷകരെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കുന്നതിന്റേയും ഭാഗമായി ഗുണമേന്മാ ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ തൻവർഷം ത്രൈമാസ ഗുണനിയന്ത്രണ ജാഗ്രതാ യജ്ഞവും സംഘടിപ്പിക്കുകയുണ്ടായി.

ഇതിന്റെ ഫലമായി സംഘങ്ങളിൽ സംഭരിക്കുന്ന പാലിലടങ്ങിയിരിക്കുന്ന ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും അണുഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഉല്പാദകരെയും ഉപഭോക്താക്കളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഉപഭോക്തൃ മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു വരുന്നുണ്ട്.

പാലിന്റെയും മറ്റുല്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മേഖലാതല പാൽ പരിശോധനാ ലബോറട്ടറികളും സ്ഥാപിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേക്ക് കൊണ്ട് വരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തി മായം കലർന്ന പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## DAIRY DEVELOPMENT DEPARTMENT
## NO.OF DAIRY CO-OPERATIVE SOCIETIES-DETAILS

| Sl.No. | District | No. of Societies | | |
|---|---|---|---|---|
| | | APCOS | Traditional | Total |
| 1. | Thiruvananthapuram | 344 | 78 | 422 |
| 2. | Kollam | 283 | 62 | 345 |
| 3. | Pathanamthitta | 188 | 16 | 204 |
| 4. | Alappuzha | 248 | 21 | 269 |
| 5. | Kottayam | 256 | 26 | 282 |
| 6. | Idukki | 197 | 13 | 210 |
| 7. | Ernakulam | 326 | 14 | 340 |
| 8. | Thrissur | 232 | 59 | 291 |
| 9. | Malappuram | 329 | 21 | 350 |
| 10. | Palakkad | 259 | 27 | 286 |
| 11. | Kozhikkode | 237 | 15 | 252 |
| 12. | Wayanad | 54 | 2 | 56 |
| 13. | Kannur | 169 | 54 | 223 |
| 14. | Kasaragod | 136 | 7 | 143 |
| | Total | 3258 | 415 | 3673 |

സെക്ഷൻ ഓഫീസർ